# Deepika

## 24 August 2018

## Thiruvananthapuram: After Flood, Heavy rain, KSCB



### പ്രളയത്തിനിടയാക്കിയത് അമിത മഴ, മുന്നറിയിപ്പിൽ പിഴവില്ല: കെഎസ്ഇബി

**തിരുവനന്തപുരം:** അമിത മഴയാണ് പ്രളയത്തിനിടയാക്കിയതെന്നും മുന്നറിപ്പു നൽകുന്നതിൽ പിഴവുണ്ടായിട്ടില്ലെന്നും വൈദ്യുതി ബോർഡ് ചെയർമാൻ എൻ. എസ്. പിള്ള. പ്രതിപക്ഷ നേതാവിന്റെ ആരോപണത്തിനു മറുപടി നൽകുകയായിരുന്നു അദ്ദേഹം. അണക്കെട്ടുകളാണു വെള്ളത്തെ തടഞ്ഞതെന്ന് കണക്കുകൾ പുറത്തുവരുമ്പോൾ ബോധ്യമാകും. അതിരപ്പിള്ളിയിൽ അണക്കെട്ടുണ്ടായിരുന്നെങ്കിൽ ചാലക്കുടിപ്പുഴയിലെ കുറേ വെള്ളം തടയാമായിരുന്നു.

അണക്കെട്ടുകൾ തുറക്കുന്നതു സംബന്ധിച്ച് ദുരന്ത നിവാരണ കമ്മിറ്റി ചെയർമാനുമായി നിരന്തരം വിശകലനം നടത്തിയിരുന്നു. മുന്നറിയിപ്പു നൽകിയിട്ടാണ് അണക്കെട്ടുകൾ തുറന്നുവിട്ടത്. ജില്ലാ കളക്ടർമാർ എല്ലാ മുൻകരുതലുകളും എടുത്തിരുന്നു.

മുല്ലപ്പെരിയാറിൽ ജല നിരപ്പ് 142 അടിയാകുന്നതുവരെ തമിഴ്നാട് അണക്കെട്ട് തുറന്നില്ല. പെട്ടെന്നു നീരൊഴുക്ക് കൂടിയതോടെ മുല്ലപ്പെരിയാർ അണക്കെട്ട് തുറന്നുവിട്ടു. ഈ വെള്ളം മുഴുവൻ ഇടുക്കി അണക്കെട്ട് താങ്ങി. അവരോട് ആരും ചോദിക്കുന്നില്ലെന്ന് ചെയർമാൻ പറഞ്ഞു.

തമിഴ്നാടിന്റെ പറമ്പിക്കുളം, നീരാർ, ആളിയാർ അണക്കെട്ടുകളിൽ നിന്നു നിയന്ത്രണാതീതമായിട്ടാണു കേരളത്തിലെ അണക്കെട്ടുകളിലേക്ക് വെള്ളം ഒഴുകിയെത്തിയെത്തിയത്. ആദ്യമഴയിൽ ബാണാസുര സാഗർ നിറഞ്ഞതാണ്. ഇടുക്കിയും ശബരിഗിരിയും തുലാവർഷം കഴിയുന്നതുവരെ അടയ്ക്കാൻ സാധിക്കില്ലെന്നും അദ്ദേഹം പറഞ്ഞു.

കെഎസ്ഇബിക്ക് സ്റ്റാൻഡേർഡ് ഓപ്പറേഷൻ സംവിധാനം ഇല്ലായിരുന്നു. ആദ്യമായി ഇതിനു മാന്വവൽ ഉണ്ടാക്കിയതായും അദ്ദേഹം പറഞ്ഞു.